KeralaKaumudi 15-8-18, P-09

# 1,79567 ലക്ഷം കർഷകർക്ക് കൃഷിനാശം, 681 കോടിയുടെ നഷ്ടം: മന്ത്രി സുനിൽകുമാർ

തിരുവനന്തപുരം: സംസ്ഥാനത്ത് 1.79567 ലക്ഷം കർഷകർക്ക് കൃഷിനാശമുണ്ടായതായി മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. കൃഷിയിടങ്ങളിൽ കയറിയ മലവെള്ളം ഇറങ്ങിയാൽ മാത്രമേ മുഴുവൻ സ്ഥിതിവിവരവും ലഭിക്കുകയുള്ളൂ. എന്നാൽ പ്രാഥമിക അറിവിൽ 681 കോടിയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഓണവിപണി ലക്ഷ്യമാക്കി വളർത്തിയ 88 ലക്ഷം വാഴകളാണ് നശിച്ചത്. പഞ്ചായത്തുകൾ തോറും അദാലത്തുകൾ സംഘടിപ്പിച്ച് കൃഷിനാശത്തിന്റെ ശരിയായ കണക്കെടുപ്പ് നടത്തും. 21 ന് ഇൻഷ്വറൻസ് കമ്പനികളുമായി സർക്കാർ ചർച്ച നടത്തുന്നുണ്ട്. വിള ഇൻഷ്വറൻസ് തുക എത്രയും വേഗം നൽകാനുള്ള നടപടികളുണ്ടാവും. ബാങ്കുകൾ കാർഷിക കടങ്ങളുടെ ജപ്തി നിറുത്തിവയ്ക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സർഫാസി നിയമപ്രകാരം കർഷകർക്കെതിരെ നടപടികൾ എടുക്കുന്നത് ശരിയല്ല. കൃഷിയും വീടും നശിച്ച് ക്യാമ്പുകളിൽ കഴിയുന്ന കർഷകർക്ക് വരെ ജപ്തി നോട്ടീസ് അയയ്ക്കുന്ന ബാങ്കുകളുടെ ക്രൂരത അവസാനിപ്പിക്കണം. കുറച്ചുകൂടി മനുഷ്യത്വപരമായ സമീപനം വേണം. കാർഷിക കടങ്ങൾക്ക് ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകദിനാഘോഷങ്ങൾ സർക്കാർ വെട്ടിച്ചുരുക്കിയിരിക്കുകയാണ്. നാമമാത്രമായ ചടങ്ങായിട്ടാണ് കർഷകദിനാചരണം നടത്തുന്നതെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.